(ഡി) ഈ കാലയളവിൽ താൽക്കാലിക ജോലി ചെയ്തു പൊതു മേഖലാ സ്ഥാപനങ്ങളിലേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത്തരം നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15-8-1998 മുതൽ 15-8-1999 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ സർവ്വീസിൽ താൽക്കാലികമായി ജോലി നോക്കി 179 ദിവസമോ അതിൽ കൂടുതലോ കാലം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുന്നത്.

(ബി) 536 പേർക്ക് നിയമനം നൽകാൻ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 521 പേരുടെ താൽക്കാലിക സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) പരിശോധിച്ചു വരുന്നു.

വികലാംഗ ക്ഷേമ പദ്ധതികൾ

31 [2168] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വികലാംഗരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികളെന്നുള്ള നിലയിൽ എന്തൊക്കെയാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വികലാംഗരും അവരുടെ സംഘടനകളും അവരുടെ നിവേദനങ്ങളിലൂടെ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ആ ആവശ്യങ്ങളുടെമേൽ സംസ്ഥാന സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഒന്നു മുതൽ ഉയർന്ന ക്ലാസ്സുകളിൽ വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്--ഇൻപ്ലാന്റ് ട്രെയിനിംഗ്.

2. ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ്.

3. വകുപ്പിന്റെ കീഴിലുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ വഴി (തിരുവനന്തപുരം, കോഴിക്കോട്) കമ്പ്യൂട്ടർ, ബുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബയൻഡിംഗ്, ടെയിലറിംഗ്, ലതർവർക്സ് എന്നിവയിൽ പരിശീലനം പരിശീലനാർത്ഥികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ സ്റ്റൈപ്പൻറ് പത്തനംതിട്ട വള്ളംകുളത്ത് സന്നദ്ധ സംഘടന നടത്തുന്ന ട്രെയിനിംഗ് സെൻററിലെ കുട്ടികൾക്ക് സ്റ്റൈപ്പൻറ് നൽകുന്നു.

4. അന്ധരായ അഭിഭാഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ധനസഹായം.

5. എഴുത്തു പരീക്ഷ/ഇൻറർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്ക് യാത്രാബത്ത.

6. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സംരക്ഷണ ചെലവ്.

7. സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുന്ന വികലാംഗ ജീവനക്കാർക്കും കൂടുതൽ വികലാംഗർക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്കും അവാർഡ്.

8. വികലാംഗരായവരെ സംരക്ഷിക്കുന്നതിനായി വിവിധ ജില്ലകളിലായി 14 ക്ഷേമ സ്ഥാപനങ്ങൾ.

9. വികലാംഗർക്ക് വികലാംഗ ദുരിതാശ്വാസനിധിയിൽനിന്നുള്ള ചികിൽസാ ധനസഹായം.

10. വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്.

11. ലോക വികലാംഗ ദിനാഘോഷം. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വികലാംഗരായ വനിതകൾക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നു.

(ബി) വികലാംഗ ക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ഫലപ്രദമായും സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കുന്നില്ല.

(സി, ഡി) തിരിച്ചറിയൽ കാർഡ് സംബന്ധിച്ച പരാതികൾ, 3% സംവരണം. സംബന്ധിച്ച പരാതികൾ, ബസ്സ് പാസ്സു നൽകുന്നതിനുള്ള അപാകതകൾ, പെൻഷൻ വിതരണം സംബന്ധിച്ചുള്ള പരാതികൾ എന്നിവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പരിഹാരം കാണുക, ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ വിദ്യാഭ്യാസം, പരിശീലനം, സംരക്ഷണം, പുനരധിവാസം എന്നിവയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുക, ബുദ്ധിമാന്ദ്യമുള്ളവർക്ക് സൗജന്യ യാത്രാ സൗകര്യം, ബുദ്ധിമാന്ദ്യമുള്ളവരുടെ പരിശീലന കേന്ദ്രങ്ങൾക്ക് ധനസഹായം ചെയ്യുക, മുൻകൂട്ടി വൈകല്യങ്ങളെ തിരിച്ചറിയുന്നതിനും ഇടപെടൽ നടത്തുന്നതിനുമാവശ്യമായ ജില്ലാ താലൂക്കാശുപത്രികൾ ആരംഭിക്കുക. ബുദ്ധിമാന്ദ്യമുള്ളവരുടെ പ്രത്യേക പാഠ്യപദ്ധതി രൂപീകരിച്ച് ഗ്രേഡിംഗ് സർട്ടിഫിക്കറ്റുകൾ നൽകുക, പോഷകാഹാര പദ്ധതികൾ ഏർപ്പെടുത്തുകയും സ്കോളർഷിപ്പ് അനുവദിക്കുകയും ഇവ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒഴിവാക്കുകയും ചെയ്യുക, പ്രത്യേക അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾക്ക് സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിക്കുക. ബുദ്ധിമാന്ദ്യമുള്ളവരുടെ ദേശീയവും അന്തർദേശീയവുമായ മൽസരങ്ങളിൽ വിജയികളാകുന്നവർക്ക് കാഷ് അവാർഡുകളും ജോലി സംവരണവും ഏർപ്പെടുത്തുക എന്നിവയാണ് ബുദ്ധി വൈകല്യമുള്ളവരെ സംബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന ആവശ്യങ്ങൾ. വികലാംഗരിൽനിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുകയും അവയിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഒഴിവുള്ള വികലാംഗ തസ്തികകളിൽ അർഹരായവരെ നിയമിക്കുന്നതിന് നടപടി

32 [2169] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ പോസ്റ്റിംഗ് നടത്താതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സർവ്വീസിൽ വികലാംഗർക്കായി എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ട്; ഈ സംവരണം പാലിക്കാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) സംസ്ഥാന സർവ്വീസിൽ ഒഴിവുള്ള വികലാംഗ തസ്തികകളിൽ അർഹരായവരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ സർവ്വീസിൽ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിൽ 3% സംവരണം നൽകിയിട്ടുണ്ട്. പ്രസ്തുത സംവരണം പാലിക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമനം നടത്തി വരുന്നുണ്ട്.

അവശരായ മുതിർന്ന പൗരൻമാരുടെ ക്ഷേമ പരിചരണ ചെലവുകൾ ബന്ധുക്കളിൽനിന്ന് ഈടാക്കാൻ വ്യവസ്ഥ

33 [2170] ശ്രീ. കെ. സി. ജോസഫ്:
,, എം. കെ. പ്രാൻസിസ് മാസ്റ്റർ:
,, വി. ജെ. പൗലോസ്:
,, കെ. മുഹമ്മദാലി:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അവശരായ മുതിർന്ന പൗരൻമാരെ പരിചരിക്കുവാനും ക്ഷേമം കൊടുക്കുവാനുമുള്ള ഉത്തരവാദിത്വത്തിൽ നിന്നൊഴിയുന്നതിനായി അവരെ ബന്ധുക്കൾ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ആക്കിയശേഷം അപ്രത്യക്ഷരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്ക് ഏപ്രകാരം പരിഹാരമുണ്ടാക്കാമെന്നു കരുതുന്നു;

LIBRARY ARCHIVES Kerala Legislative Assembly